# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നം.112

05.03.2020 -ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികളുടെ മാനസിക ഉന്നമനത്തിനായുള്ള പദ്ധതികൾ

ചോദ്യം

ശ്രീ.പി.കെ. ശശി
ശ്രീ.എ. പ്രദീപ്കുമാർ
ശ്രീ.സി.കെ. ഹരീന്ദ്രൻ
ശ്രീ. പി.ടി.എ. റഹീം

എ) അറിവ് ആർജ്ജിക്കുന്നതിനോടൊപ്പം ഓരോ വിദ്യാർത്ഥിക്കും അവരുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനും ആരോഗ്യകരമായ സാമൂഹ്യ ബന്ധം പുലർത്തുന്നതിന് പ്രാപ്തിയുള്ള വരാക്കുന്നതിനും അനുയോജ്യമായ രീതിയിലാണോ 'സഹിതം' പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്;

ഉത്തരം

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

എ) കുട്ടിയെ അറിയാനും കുട്ടിയെ വളർത്താനും ലക്ഷ്യമിട്ട് എസ്.സി.ഇ.ആർ.റ്റി യുടെ അക്കാദമിക നേതൃത്വത്തിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആൻറ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ(കൈറ്റ്)ന്റെസാങ്കേതിക സഹായത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന സമഗ്രമായ വിലയിരുത്തൽ പദ്ധതിയാണ് 'സഹിതം'. കുട്ടിയും അദ്ധ്യാപകനും തമ്മിലുള്ള സ്നേഹോഷ്മളമായ ബന്ധമാണ് 'സഹിതം' പദ്ധതിയുടെ അടിത്തറ.സഹരക്ഷകർത്താവ് എന്ന നിലയിൽ ഔപചാരിതയ്ക്ക് അപ്പുറം അനൗപചാരിക ഭാവം നിലനിർത്തുന്ന മെന്റർ ആണ് 'സഹിതം' പദ്ധതിയിലെ ടീച്ചർ . അക്കാദമിക മേഖലയോടൊപ്പം കുട്ടിയുടെ വൈയക്തികവും കുടുംബപരവും സാമൂഹ്യപരവുമായ പ്രശ്നങ്ങൾകൂടി ഈ പദ്ധതിയിൽ പരിഗണിക്കപ്പെടുന്നുണ്ട്.

നിശ്ചിത എണ്ണം കുട്ടികൾ ഒരു അദ്ധ്യാപകൻ/ അദ്ധ്യാപികയാൽ കൃത്യമായി നിരീക്ഷിക്കപ്പെടുകയും അന്വേഷണ പഠനത്തിനായി സഹായിക്കപ്പെടുകയും ചെയ്യുക, കുട്ടികളുമായുള്ള അനൗപചാരിക സംവാദം, ഗൃഹസന്ദർശനം,നിരന്തരനിരീക്ഷണം തുടങ്ങിയവയിലൂടെ കുട്ടിയെ സംബന്ധിക്കുന്ന കൂടുതൽ പശ്ചാത്തല വിവരം

മനസിലാക്കുന്നതിനും തിരിച്ചറിയുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുക, കുട്ടിയുടെ പഠനത്തിലുണ്ടാകുന്ന പുരോഗതി അദ്ധ്യാപകർ നിരന്തരം നിരീക്ഷിക്കുന്നതിനും അതുവഴി കുട്ടികൾക്കുണ്ടാകുന്ന വ്യതിയാനങ്ങൾ തിരിച്ചറിയാനും അവ പരിഹരിക്കാനും ആവശ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക, പഠന നിലവാരത്തിലുണ്ടാകുന്ന മാറ്റം യഥാസമയം പോർട്ടലിൽ ലഭ്യമാക്കുക തുടങ്ങിയവയാണ് 'സഹിതം' പദ്ധതിയിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്.

ബി) വിദ്യാർത്ഥികളുടെ വൈയക്തികവും കുടുംബപരവും സാമൂഹികവുമായ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹരിക്കാൻ വേണ്ട ഇടപെടൽ സാധ്യമാകുന്ന 'മെന്റർ ടീച്ചർ' പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ;

ബി) ഉണ്ട്. ഒന്നു മുതൽ ഏഴ് വരെ സ്കൂളുകളിൽ സഹിതം പദ്ധതിയുടെ ഭാഗമായാണ് മെന്റർ ടീച്ചർ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. പഠനപ്രയാസങ്ങളിൽ കുട്ടികളെ സഹായിക്കുന്നതിനും ആധുനികമായ പഠന വഴികളും തൊഴിൽ വഴികളും കാണിച്ചു കൊടുക്കുന്നതിനും ലഹരി ഉപഭോഗം അടക്കമുള്ള തെറ്റായ വഴികളിൽ നിന്നും ശരിപാത കാണിച്ച് കൊടുക്കുന്നതിനും ലോക വ്യാപകമായി ഉപയോഗിക്കുന്ന സ്റ്റുഡന്റ് പ്രൊഫൈലിംഗ് എന്ന സങ്കേതമാണ് മെന്റർ ടീച്ചർ പദ്ധതിയിൽ ഉപയോഗിക്കുന്നത്. ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ സഹായത്തോടെ കുട്ടിയുടെ സമഗ്രമായ പ്രൊഫൈൽ രൂപീകരിക്കുകയും അദ്ധ്യാപകരുടെ നിരീക്ഷത്തിന്റെ സഹായത്താൽ നിരന്തരം നിരീക്ഷിക്കുകയും ചെയ്യുന്ന രീതിയാണ് മെന്റർ ടീച്ചർ സ്വീകരിക്കുന്നത്.

മെന്ററിംഗിലൂടെ നിശ്ചിത എണ്ണം കുട്ടികൾ ഒരു അദ്ധ്യാപകൻ/അദ്ധ്യാപികയാൽ കൃത്യമായി നിരീക്ഷിക്കപ്പെടുകയും ഓരോ സ്കൂൾ വിദ്യാർത്ഥിയുടേയും അനുഗുണമായ സാമൂഹിക ശേഷികൾ, ഭാഷാശേഷി, ഗണിതശേഷി, സാമൂഹിക അവബോധം അവബോധം, ശാസ്ത്രാഭിമുഖ്യം തുടങ്ങികുട്ടിയുടെ പഠനത്തിലുണ്ടാകുന്ന പുരോഗതി

നിരന്തരം നിരീക്ഷിക്കാനും കുട്ടികൾക്കുണ്ടാകുന്ന പഠന പ്രയാസം തിരിച്ചറിഞ്ഞ് പരിഹാര പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും ഉതകുന്ന രീതിയിലാണ് 'സഹിതം' പോർട്ടൽ കൈറ്റ് സജ്ജമാക്കിയിരിക്കുന്നത്.

സി) സ്കൂളുകളിൽ വടിയെടുക്കുന്നത് തടഞ്ഞു കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ച ശേഷവും നിരവധി അദ്ധ്യാപകർ പ്രത്യേകിച്ച് അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ വിദ്യാർത്ഥികളെ മാനസികമായും ശാരീരികമായും ക്ഷതമേൽപിക്കുന്ന കാര്യം പരിശോധിക്കാൻ തയ്യാറാകുമോ?

സി) ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ കാലാകാലങ്ങളിൽ വകുപ്പ് കൈക്കൊള്ളുന്നുണ്ട്.

സെക്ഷൻ ഓഫീസർ